ഷൊർണൂർ ത്രാങ്ങാലിയിലെ പടക്ക നിർമ്മാണശാലയിലെ സ്ഫോടനം

25 (1491) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണൂർ ത്രാങ്ങാലിയിലെ പടക്കനിർമ്മാണശാലയിലെ സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ പടക്കനിർമ്മാണശാലകൾക്ക് ലൈസൻസ് നൽകുന്നകാര്യത്തിൽ നിയന്ത്രണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സ്ഫോടനത്തിന്റെ കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) സ്ഫോടനത്തെത്തുടർന്ന് നടത്തിയ ഫോറൻസിക് പരിശോധനയിൽ നിരോധിത സ്ഫോടകവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഡി) പ്രസ്തുത പടക്കശാലയ്ക്ക് ലൈസൻസ് നൽകിയിരുന്നോ ; എങ്കിൽ ലൈസൻസ് വ്യവസ്ഥ ലംഘിച്ച് കൂടുതൽ സ്ഫോടക വസ്തുക്കൾ ശേഖരിച്ചതായി കണ്ടെത്തിയിട്ടുണ്ടോ ;

(ഇ) അനുവദനീയ ഡെസിബലിൽ കൂടുതൽ ശബ്ദം ഉണ്ടാക്കുന്ന സ്ഫോടക വസ്തുക്കൾ ഇവിടെ ശേഖരിച്ചിരുന്നതായി അന്വേഷണത്തിൽ വെളിപ്പെട്ടിട്ടുണ്ടോ ;

(എഫ്) തുടരെയുണ്ടാകുന്ന അപകടങ്ങളുടെ വെളിച്ചത്തിൽ പടക്ക നിർമ്മാണശാലകൾക്ക് നിയന്ത്രണമേർപ്പെടുത്താനും പരിശോധന കർശനമാക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എക്സ്പ്ലോസീവ് നിയമങ്ങൾ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ ഉള്ളവയാണ്.

(ബി) പടക്ക നിർമ്മാണശാലയിലെ വെടിമരുന്ന് അശ്രദ്ധമായി കൈകാര്യം ചെയ്തതുമൂലമാണ് സ്ഫോടനം ഉണ്ടായതെന്ന് അറിവായിട്ടുണ്ട്.

(സി) ഫോറൻസിക് പരിശോധനാഫലം ലഭ്യമായിട്ടില്ല.

(ഡി) ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. അനധികൃതമായി സ്ഫോടക വസ്തുക്കൾ ഉപയോഗിച്ച് പടക്ക നിർമ്മാണം നടത്തിയിട്ടുള്ളതായി അറിവായിട്ടുണ്ട്. കൂടുതൽ അളവിൽ സ്ഫോടക വസ്തുക്കൾ ശേഖരിച്ചിട്ടുണ്ടോ എന്നുള്ള വിവരം അന്വേഷിച്ചുവരികയാണ്.

(ഇ) ഇതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടില്ല.

(എഫ്) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly